## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4129 | 12.11.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. വി.കെ.സി. മമ്മത് കോയ :<br>ശ്രീ. എൻ. വിജയൻ പിള്ള :<br>ശ്രീ. സി.കെ. ഹരീന്ദ്രൻ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നെറ്റ് വർക്ക് സംവിധാനം കാര്യക്ഷമമല്ലാത്തത് വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നു സമാഹരിക്കുന്ന നികുതിപ്പണം മുഴുവനായും സർക്കാരിലേക്ക് അടയ്ക്കുന്നുണ്ടോ എന്ന പരിശോധന ഫലപ്രദമല്ലാതാക്കി തീർത്തിരിക്കുന്നതിന് എന്തു പരിഹാര മാർഗമാണുള്ളത്; | (എ) | ജി.എസ്.ടി നിയമപ്രകാരം വിഭാവനം ചെയ്ത റിട്ടേൺ ഫയലിംഗ് സംവിധാനം (ജി.എസ്.ടി.ആർ 1, ജി.എസ്.ടി.ആർ 2 & ജി.എസ്.ടി.ആർ 3) പൂർണ്ണമായും നടപ്പാക്കുന്നത് ഇതുവരെയും സാധ്യമായിട്ടില്ല. ഇതുകാരണം വ്യാപാരികളുടെ കൈമാറ്റങ്ങളെ സംബന്ധിച്ച സൂക്ഷ്മവും കാര്യക്ഷമവുമായ പരിശോധന നടത്തുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. എന്നിരുന്നാലും നിലവിൽ ലഭ്യമായ ജി.എസ്.ടി.ആർ 3 ബി, ജി.എസ്.ടി.ആർ 1 വിവരങ്ങളുടെ അടിസ്ഥാനത്തിലും ഇ-വേ ബിൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിനുള്ള ശക്തമായ നടപടികൾ വകുപ്പ് നടത്തിവരുന്നു. കൂടാതെ രണ്ടുകോടിക്കു മുകളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ 2017-18 ലെ വാർഷിക റിട്ടേൺ സമർപ്പിക്കാനുള്ള അവസാന തീയതി 2019 നവംബർ 30 ആണ്. ഇത് ലഭ്യമാകുന്നമുറയ്ക്ക് കാര്യക്ഷമമായ പരിശോധന നടത്താവുന്നതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ ലളിതമായ രീതിയിലുള്ള പുതിയ റിട്ടേൺ സംവിധാനം നടപ്പിലാക്കുമെന്ന് ജി.എസ്.ടി കൗൺസിൽ തീരുമാനമെടു |

| | | | |
|---|---|---|---|
| | | | ത്തിട്ടുണ്ട്. ഇത് വ്യാപാര കൈമാറ്റങ്ങളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായേക്കും. |
| (ബി) | മുമ്പ് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ചുമത്തിയിരുന്ന വിവിധ തീരുവ -നികുതികളെക്കാൾ കുറവാണ് ജി.എസ്.ടി. നികുതി ഭാരമെങ്കിലും ആ കുറവ് ഉപഭോക്തൃ വിലയിൽ പ്രതിഫലിച്ചിട്ടുണ്ടോ എന്നു പരിശോധിക്കാനുള്ള സംവിധാനം കാര്യക്ഷമമാണോ; പല അവശ്യ വസ്തുക്കളിന്മേലുള്ളതിനേക്കാൾ നികുതി നിരക്കു കുറവായിരുന്നിട്ടും സ്വർണ വ്യാപാരമേഖലയിൽ നിന്ന് വ്യാപാരത്തിനാനുപാതികമായി നികുതി ലഭിക്കാത്ത പ്രശ്നം ഉണ്ടോ; | (ബി) | ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം സാധനസേവനങ്ങൾക്ക് മേൽ നികുതി നിരക്ക് കുറച്ചതുമായി ബന്ധപ്പെട്ട് അതിന്റെ പ്രയോജനം ഉപഭോക്താക്കളിലേക്ക് എത്തുന്നുണ്ടോ എന്ന് പരിശോധിയ്ക്കുന്നതിലേക്കായി<br>ജി.എസ്.ടി നിയമം 171-ാം വകുപ്പ് പ്രകാരമാണ് ആന്റി പ്രോഫിറ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ഉപഭോക്താക്കളിൽ നിന്നും ലഭിയ്ക്കുന്ന പരാതികൾ കുറവായതിനാൽ സംസ്ഥാന ചരക്കു സേവനനികുതി വകുപ്പ് കണ്ടുപിടിച്ച കേസുകൾ കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. ഇതിൽ പലതിലും പിഴ ചുമത്തിയിട്ടുണ്ട്. നിലവിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സ്വർണ വ്യാപാരമേഖലയിലെ നികുതിഘടന വാറ്റ് സമ്പ്രദായത്തിലും ജി.എസ്.ടി യിലും വ്യത്യസ്തമാണ്. ആയതിനാൽ ഈ മേഖലയുമായി ബന്ധപ്പെട്ട പഠനങ്ങൾ നടന്നുവരുന്നു. |
| (സി) | സംസ്ഥാനങ്ങൾക്കുണ്ടാകുന്ന റവന്യൂ നഷ്ടം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിനോട് സി.എ.ജി. ചൂണ്ടിക്കാട്ടിയിട്ടുള്ള പിഴവ് തീർത്ത് ജി.എസ്.ടി. സംവിധാനം അടിയന്തിരമായി കാര്യക്ഷമമാക്കാൻ ആവശ്യപ്പെടുമോ? | (സി) | ഈ വിഷയത്തെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് സി.എ.ജി. റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഇതിന്മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. സി.എ.ജി. ചൂണ്ടിക്കാട്ടിയിട്ടുള്ള പിഴവുകൾ ജി.എസ്.ടി കൗൺസിലിൽ പലപ്പോഴായി സംസ്ഥാനങ്ങൾ ഉന്നയിച്ചിട്ടുള്ളവയാണ്. |

**സെക്ഷൻ ഓഫീസർ**